**പതിമൂന്നാം കേരള നിയമസഭ**
**പന്ത്രണ്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 47 — 01.12.2014 - ലെ മറുപടിക്ക്

## കമ്പ്യൂട്ടർ പരിജ്ഞാനം ആവശ്യമുള്ള തസ്തികകളിലേക്കുള്ള യോഗ്യത

**ചോദ്യം**

ശ്രീ. ബാബു. എം. പാലിശ്ശേരി

(എ) സംസ്ഥാനത്തെ വിവിധ സർവ്വകലാശാലകളിൽ നിന്നും ഡിഗ്രിക്ക് സബ്സിഡിയറിയായി കമ്പ്യൂട്ടർ ആപ്ലിക്കേഷൻ സബ്ജക്ട് പഠിച്ച് വിജയിച്ചവർക്ക്, പി.എസ്.സി. മുഖേനയുള്ള സെക്രട്ടേറിയറ്റ് അസിസ്റ്റന്റ് തുടങ്ങി കമ്പ്യൂട്ടർ പരിജ്ഞാനം ആവശ്യമുള്ള തസ്തികകളിലേക്ക് അപേക്ഷ സമർപ്പിക്കുന്നതിനുള്ള യോഗ്യതയായി പി.എസ്.സി. അംഗീകാരം നൽകിയിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ പി.എസ്.സി. യ്ക്ക് ഇതിനുള്ള നിർദ്ദേശം നൽകുവാൻ നടപടി സ്വീകരിയ്ക്കുമോ ;

(സി) സ്വീകരിക്കുമെങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

**ഉത്തരം**

ശ്രീ. ഉമ്മൻ ചാണ്ടി
ബഹു. മുഖ്യമന്ത്രി

(എ) യും (ബി) യും (സി) യും

ഓരോ തസ്തികയുടെയും യോഗ്യത നിശ്ചയിച്ചിരിക്കുന്നത് ആ തസ്തിക ഉൾക്കൊള്ളുന്ന വകുപ്പിന്റെ സ്പെഷ്യൽ റൂൾ പ്രകാരമാണ്. കമ്പ്യൂട്ടർ ആപ്ലിക്കേഷൻ സബ്സിഡിയറിയായി പഠിച്ച ഡിഗ്രി, കമ്പ്യൂട്ടർ പരിജ്ഞാനം ആവശ്യമുള്ള തസ്തികകൾക്ക് അപേക്ഷിക്കുന്നതിനുള്ള യോഗ്യതയായി അംഗീകരിക്കുന്ന വിഷയം അതാത് ഭരണ വകുപ്പുകൾ ഓരോ കോഴ്സുകളുടെയും സിലബസ് പരിശോധിച്ച് തീരുമാനമാകേണ്ടതാണ്. സെക്രട്ടേറിയറ്റ് അസിസ്റ്റന്റ് തസ്തികയുടെ അധിക യോഗ്യതയായി ഉൾപ്പെടുത്തിയ ഡി.സി.എ.യ്ക്ക് ഉയർന്ന/തത്തുല്യമായി, സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ ശുപാർശ ചെയ്ത കോഴ്സുകളാണ് സർക്കാർ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. കമ്പ്യൂട്ടർ ആപ്ലിക്കേഷൻ സബ്സിഡിയറി സബ്ജക്ടായ മറ്റ് കോഴ്സുകളുടെ സിലബസ് പരിശോധിച്ച് ആയത് ഡി.സി.എ.യ്ക്ക് തുല്യമായി പരിഗണിക്കാവുന്നതാണെന്ന് സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ ശുപാർശ ചെയ്യുന്ന മുറയ്ക്ക് മാത്രമെ ആയവ പരിഗണിക്കുവാൻ കഴിയുകയുള്ളൂ.

സെക്ഷൻ ഓഫീസർ